LIBRARY ARCHIVES Kerala Legislative Assembly

കരിവെള്ളൂർ ഗവൺമെന്റ് ആശുപത്രി സി. എച്ച്. സി. ആയി ഉയർത്തുന്നതിനും തൃക്കരിപ്പൂർ സി. എച്ച്. സി.-യിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നതിനും നടപടി

133 [3526] ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ കരിവെള്ളൂർ ഗവൺമെന്റ് ആശുപത്രി സി. എച്ച്. സി. ആയി ഉയർത്തുന്നതും തൃക്കരിപ്പൂർ സി. എച്ച്. സി.-യിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നതും സംബന്ധിച്ച ആവശ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ & ബി) കണ്ണൂർ ജില്ലയിലെ കരിവെള്ളൂർ പി. എച്ച്. സി. സി. എച്ച്. സി. ആയി ഉയർത്തുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടുകാരണം ഈ നിർദ്ദേശം അംഗീകരിക്കുവാൻ കഴിയാതെ വരികയാണുണ്ടായത്. ടി ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റിന്റെ നിയമനം സംബന്ധിച്ച ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗൈനക്കോളജിസ്റ്റിന്റെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതുമാണ്.

കാസർഗോഡ് ജില്ലാ ആശുപത്രിയിൽ, ജില്ലാ ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ അനുവദിക്കണമെന്ന ആവശ്യം

134 [3527] ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലാ ആശുപത്രിയിൽ, ജില്ലാ ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ അനുവദിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

(ബി) ഇവിടെ പുതിയ തസ്തികകൾ അനുവദിക്കുന്നതു സംബന്ധിച്ച നടപടികൾ ഏതുഘട്ടത്തിലാണെന്നും ഏതെല്ലാം തസ്തികകളാണ് അനുവദിക്കാനുദ്ദേശിക്കുന്നതെന്നും അറിയിക്കുമോ?